(എ) ഈ സംസ്ഥാനത്തിൽ ഇപ്പോൾ എത്ര രാഷ്ട്രീയ തടങ്കൽ പുള്ളികൾ ഉണ്ട്;
(ബി) ഓരോ രാഷ്ട്രീയ പാർട്ടികളിൽ ഉൾപ്പെട്ടവർ എത്ര പേർ ഉണ്ട്;
(സി) ഇവരുടെ സംരക്ഷണത്തിനായി മാസംതോറും എത്ര തുക ചെലവുണ്ട്;

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉവ്വ.
(ബി) എല്ലാവരും കമ്മൂണിസ്റ്റ് പാർട്ടിയിൽ പെട്ടവരാണ്.
(സി) ഓരോരുത്തർക്കും മാസംതോറും ഏകദേശം ൧൦൦ ക. യോളം ചിലവുണ്ട്.

കായംകുളം കരിപ്പുഴതോട്ടിൽ ചീപ്പ്

*൨൪൬. (൧൪൬) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കായംകുളം കരിപ്പുഴ തോട്ടിൽ പത്തിയൂർ ഭാഗത്ത് ആണ്ടുതോറും ഉപ്പുവെള്ളം കയറാതിരിക്കുവാൻ മുട്ട ഇടുന്നതുമൂലം മുകളിൽനിന്നും വരുന്ന വെള്ളം കെട്ടിനിന്നു പന്തീരായിരം പറയോളം നിലങ്ങളിലെ കൃഷിക്കു നാശംവരുത്തുന്ന വിവരം ഗവൺമെൻറിനറിയാമോ;

(ബി) പ്രസ്തുത സ്ഥലത്തു മുട്ട ഇടുന്നതുമൂലം കായംകുളം—മാവേലിക്കര ജലമാർഗ്ഗ താഗതത്തിനു തടസ്സം നേരിടുന്നതിനാൽ നാവിക തൊഴിലാളികൾക്കും മറ്റും ഉണ്ടാകുന്ന ദുരിതത്തെപ്പറ്റി ഗവൺമെൻറിനു അറിവുണ്ടോ;

(സി) ആണ്ടുതോറും മുട്ട ഇടുന്നതിനുപകരം സ്ഥിരമായി ഒരു ചീപ്പു ഇടുന്നതു എല്ലാ ദുരിതങ്ങൾക്കും ഒരു പരിഹാരമാണെന്നു ഗവൺമെൻറിനറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ :

(എ) അറിവില്ല.
(ബി) അറിവില്ല.
(സി) ആലോചിക്കാം.

സർ. സി. പി. യെ കയ്യേറ്റം ചെയ്യായ്മ

*൨൪൭. (൧൪൭) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

സർ സി. പി. രാമസ്വാമി അയ്യർ ദിവാനായിരുന്ന സമയം അദ്ദേഹത്തെ ദേഹോപദ്രവം ഏല്പിച്ചതായി പറയപ്പെടുന്ന ആളെ അറസ്റ്റ് ചെയ്യുകയോ, ശിക്ഷിക്കുകയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

സംശയിക്കപ്പെട്ട ആളുകളെ അറസ്റ്റ് ചെയ്ത ബന്തവസ്സിൽ വയ്ക്കുകയും, വേണ്ടതായ തെളിവു കിട്ടാതിരിക്കുകയാൽ അവരെ വിട്ടയക്കുകയും ചെയ്തു.

QUESTION POSTED FOR ANSWER ON 30TH NOVEMBER 1949

ഹരിജനകോളനികൾ

*൨൪൪ (൧൭) ശ്രീ. പി. സി. ഗോവിച്ചൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. പിന്നോക്ക സമുദായവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂറിൽ പിന്നോക്കസമുദായ ഡിപ്പാർട്ടുമെന്റ് മുഖേന തുടങ്ങിയിട്ടുള്ള കോളനികൾ ഏതെല്ലാം?
(ബി) അതിന്റെ ഓരോന്നിന്റെയും വിസ്തീർണ്ണം എത്ര?
(സി) ഓരോന്നിലും ഉള്ള വീടുകളുടെ എണ്ണമെത്ര?
(ഡി) ഓരോ കോളനിയിലേയും വാർഡന്മാരുടെ പേരുവിവരം
(ഇ) അവരുടെ ഓരോരുത്തരുടേയും ശമ്പളം?
(എഫ്) പിന്നോക്ക സമുദായ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ വാർഡന്മാരെ അല്ലാതെയും നിയമിക്കാത്തകോളനികൾ ഉണ്ടോ?

ബഹു. മന്ത്രി ശ്രീ. കെ. അയ്യപ്പൻ:

(എ) മുതൽ (ഇ) വരെ—വിശദവിവരങ്ങൾ അടങ്ങിയിട്ടുള്ള സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിരിക്കുന്നു.
(എഫ്) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്രമനമ്പർ	കോളനി	താലൂക്ക്	വിസ്തീർണ്ണം ഏ.	വിസ്തീർണ്ണം സെ.	വീടുകളുടെ എണ്ണം	വാർഡിലെത്ര പേർക്ക് ഇല്ല വി. കെ. പാളയത്ത് ഇല്ല ടി ടി ടി പട്ടികജാതിയിൽ പിള്ളേ ഇല്ല സി. എൻ. കമ്മാ ത്തിൽ ഇല്ല വി. പാളയംവീട്ടിൽ നാണു	ശരാശരി ദിവസ വേതനം രൂ. പൈ.
൧	നരിക്കുളം	അരുന്തുതറ	൩	൩ ൦	൩ ൫		൪ ൦
൨	അത്തോടി	തിരുവനന്തപുരം	൪ ൪	൬ ൪	൩ ൨		൪ ൦
൩	വെള്ളാറ്റഞ്ഞൂർ	വെള്ളാറ്റഞ്ഞൂർക്കര	൨	൪ ½	: :		: :
൪	ആരേമംഗലം	തൊടുപുഴ	൪	൪ ൦	൪		: :
൫	കടമ്പനാട്	കന്നത്തുർ	൪ ൬	൬	൪ ൩		: :
൬	കക്കട	കക്കാട്ടാംകര	൩ ൫	: :	: :		: :
൭	പുക്കാട്	അമ്പലപ്പാട്	൫ ൦	: :	൫ ൦		: :
൮	കൊടുക്കാര	കൊടുക്കാര	൫ ൦	: :	: :		: :
൯	വടകര	പാവുമ്പ	൩ ൦	: :	൩ ൫		൪ ൦
൧൦	ആലിപ്പറമ്പ്	പന്നിയംപാടം	൪ ൦	൪ ൦	൫ ൦		൪ ൦
൧൧	മണിക്കോലം	കന്നത്തുർ	൪ ൪	൬ ½	൩ ൫		൪ ൦
൧൨	ഇലന്തൂർ	പന്നിയംപാടം	൩	൪ ൦	൨ ൦		൪ ൦
൧൩	പാറക്കാട്	വിളയാംകാട്	൪	൪ ൦	൪ ൦		൪ ൦
൧൪	പാറയാവ	കന്നത്തുർ	൫ ½	൫ ½	: :		: :